(എഫ്) 2002-03 സാമ്പത്തിക വർഷം ആരംഭിച്ച 'ആശ്രയ' പദ്ധതി ഇപ്പോൾ 179 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി വരുന്നു. ഘട്ടം ഘട്ടമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ 179 ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ പ്രോജക്ടുകളിലൂടെ 14,790 കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിടുന്നു. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ തുക 74.17 കോടി രൂപയാണ്. ഇതിൽ 15 കോടി രൂപ കുടുംബശ്രീയിൽനിന്ന് പ്രത്യേക ധനസഹായമായി പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന തുക പഞ്ചായത്ത് പ്ലാൻ ഫണ്ട്, ബ്ലോക്ക് പഞ്ചായത്തുകളുടെ ധനസഹായം, ഗ്രാമവികസനം, സാമൂഹ്യക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിലൂടെ നടപ്പാക്കുന്ന കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ, എം. എൽ. എ. ഫണ്ട്, എം. പി. ഫണ്ട്, പൊതുജനങ്ങളിൽ നിന്നും, സ്ഥാപനങ്ങളിൽനിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ എന്നിവയിലൂടെയാണ് സമാഹരിക്കുന്നത്.

ഹവാല പണം ഇടപാട്

*13 [496] ശ്രീ. സാജു പോൾ:

,, മഞ്ഞളാംകുഴി അലി:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെന്നൈ കേന്ദ്രീകരിച്ച് കോടിക്കണക്കിന് രൂപയുടെ ഹവാല പണം കേരളത്തിലേയ്ക്ക് കടത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഹവാല പണം വിതരണം ചെയ്തത് സംബന്ധിച്ച് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നടന്ന 336 കോടി രൂപയുടെ ഹവാല പണം ഇടപാടിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഹവാല കേസ് (അനധികൃത പണം കടത്ത്) അടിസ്ഥാനപരമായി 'ഫെമ' FEMA കുറ്റകൃത്യവുമായി ബന്ധപ്പെട്ടതാണ്. ആയതിനാൽ ഇത്തരം കേസുകൾ അന്വേഷണം നടത്തുന്നത് റവന്യൂ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ്, കസ്റ്റംസ് വകുപ്പ് എന്നീ കേന്ദ്ര ഏജൻസികളാണ്. ആയതിനാൽ ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് അനധികൃത പണവുമായി ആരെയെങ്കിലും പോലീസ് കസ്റ്റഡിയിൽ എടുക്കുകയോ, വിവരം ലഭിക്കുകയോ ചെയ്താൽ മേൽ ഏജൻസികളെ വിവരം അറിയിക്കാറുണ്ട്. നേരിട്ടുള്ള അന്വേഷണം കേരളാ പോലീസ് നടത്തുന്നില്ല.

(ബി) ഹവാല പണം വിതരണം ചെയ്തത് സംബന്ധിച്ച് ആരേയും പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ തൃശ്ശൂർ ജില്ലയിൽ അനധികൃതമായി പണം കടത്തിയത് പിടിച്ചെടുത്ത് 4 പ്രതികളെ അറസ്റ്റ് ചെയ്ത് ഗുരുവായൂർ പോലീസ് സ്റ്റേഷൻ ക്രൈം 102/2003 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടർ കോഴിക്കോടിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ അനധികൃതമായി പണം കടത്തിയതിന് ഈസ്റ്റ് സർക്കിളിൽ 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കണ്ടെടുത്ത തുക തിരുവനന്തപുരം എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കൈമാറി. മലപ്പുറം ജില്ലയിൽ വേങ്ങര പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മുഹമ്മദ് എന്ന ആളിൽ നിന്നും അനധികൃത പണം കണ്ടെടുക്കുകയും ആയത് ഇൻകം ടാക്സ് വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന് കൈമാറുകയും ചെയ്തു. കൂടാതെ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ ക്രൈം 432/2004 യു. എസ്. 41(1) (ഡി) 102 സി. ആർ. പി. സി. പ്രകാരം നാസർ എന്ന ആളിൽ നിന്ന് 84,000 രൂപയും താനൂർ പോലീസ് സ്റ്റേഷൻ ക്രൈം 25/2004 യു. എസ്. 41(1)(ഡി)102 സി. ആർ. പി. സി. പ്രകാരം ഇബ്രാഹിം എന്ന ആളിൽ നിന്നും 4,85,000 രൂപയും കണ്ടെടുത്ത് പ്രതികളെയും പണവും ബന്ധപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഈ തുകകൾ ഹവാല പണവുമായി ബന്ധപ്പെട്ടതായി കണ്ടെത്തിയിട്ടില്ല.

(സി) 'എ' യുടെ മറുപടി കണ്ടാലും.

(ഡി) 'എ' യുടെ മറുപടി കണ്ടാലും.

ലോകവ്യാപാര കരാറിന്റെ പ്രത്യാഘാതങ്ങൾ

*14 [497] ശ്രീ. പി. ജയരാജൻ:

,, ടി. കെ. ബാലൻ:

,, ടി. കെ. ദേവകുമാർ:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകവ്യാപാര കരാറും അതുമായി ബന്ധപ്പെട്ട വ്യാപാരനിയന്ത്രണങ്ങളുടെയും പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly